# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം*- 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ജൂലൈ 31**

---

## എം.ജി. സർവകലാശാല ഓൺലൈൻ പ്രോഗ്രാമുകളിലേക്ക് ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം

*മഹാത്മാഗാന്ധി സർവകലാശാലയുടെ സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷൻ* (CDOE) *നടത്തുന്ന ബിരുദ, ബിരുദാനന്തര ഓൺലൈൻ പ്രോഗ്രാമുകളുടെ ജൂലൈ സെഷനിലെ പ്രവേശനത്തിന് ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം. യു.ജി.സി. അംഗീകാരമുള്ള ഈ കോഴ്സുകളിൽ ക്ലാസുകളും പരീക്ഷകളും പൂർണ്ണമായും ഓൺലൈനായിരിക്കും. അർഹരായ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവുകളും ലഭ്യമാണ്. എം.ജി. സർവകലാശാല കാമ്പസിലെ* (CDOE) *സെന്ററിൽ നേരിട്ടെത്തിയോ ഓൺലൈൻ വഴിയോ പ്രവേശന നടപടികൾ പൂർത്തിയാക്കാം. വിശദ വിവരങ്ങൾക്ക്* www.cdoe.mgu.ac.in. *ഫോൺ: 0481 2731010, 8547852326.*

*(പി. ആർ. ഒ./709/2026)*

## യൂണിവേഴ്സിറ്റി കൗൺസിലർമാരുടെ വിവരങ്ങൾ ഓഗസ്റ്റ് 3-നകം സമർപ്പിക്കണം

*കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ കൗൺസിലർമാരായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ഇതുവരെ സമർപ്പിക്കാത്ത കോളേജുകൾ ഓഗസ്റ്റ് 3 തിങ്കളാഴ്ച വൈകീട്ട് 4 മണിക്ക് മുൻപായി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മാതൃകാ ഒപ്പ് അടങ്ങിയ വിശദാംശങ്ങൾ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോകൾ, കോളേജ് തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ അടങ്ങിയ നിർദ്ദിഷ്ട പ്രോഫോർമ* (Appendix *3) ആണ് സർവകലാശാലയിൽ സമർപ്പിക്കേണ്ടത്.*

*(പി. ആർ. ഒ./710/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*മൂന്നാം സെമസ്റ്റർ ബിആർക് (2015 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് 17 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 18 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 19 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി. ആർ. ഒ./711/2026)*

## സ്പോട്ട് അഡ്മിഷൻ

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബാച്ചലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ്, ബാച്ച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്നീ കോഴ്സുകളിലാണ് ഒഴിവുകൾ. യോഗ്യരായ വിദ്യാർത്ഥികൾ ആവശ്യമായ അസ്സൽ സർട്ടിഫിക്കറ്റുകൾ, ഫീസ് അടച്ച രസീത്, സ്പോർട്സ് കിറ്റ് എന്നിവ സഹിതം ഓഗസ്റ്റ് 04-ന് രാവിലെ 08:30 മണിക്ക് ടജഋടട പഠന വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ-0481-2733377 വിശദവിവരങ്ങൾക്ക്* spess.mgu.ac.in/admission/

*(പി. ആർ. ഒ./712/2026)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ ബിഎ മ്യൂസിക് വോക്കൽ (സിബിസിഎസ്) (2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 3 മുതൽ തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി. ആർ. ഒ./713/2026)*

## പരീക്ഷാഫലം

*ഒന്നു മുതൽ എട്ടു വരെയുള്ള സെമസ്റ്ററുകൾ ബിടെക് (2010 അഡ്മിഷൻ മെഴ്‌സി ചാൻസ്) ജൂലൈ 2024 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ ഓൺലൈനായി അപേക്ഷിക്കാം.*

*------------*

*മൂന്നാം സെമസ്റ്റർ എം.എസ്.സി സുവോളജി (2018 അഡ്മിഷൻ രണ്ടാം മെഴ്‌സി ചാൻസ്, 2017 അഡ്മിഷൻ മൂന്നാം മെഴ്‌സി ചാൻസ്, 2016 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്‌സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 15 വരെ ഓൺലൈനായി അപേക്ഷിക്കാം.*

*(പി. ആർ. ഒ./714/2026)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**